ലോക ബാങ്കിന്റെ പെർഫോമൻസ് ഗ്രാന്റ്

217 (3194) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്കിന്റെ പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകളുടെ നിലവാരം പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിയിൽ പ്രധാന മാനദണ്ഡം എന്തൊക്കെയാണെന്നും അവ പാലിച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര പഞ്ചായത്തുകൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട് എന്നും എത്ര രൂപ ആ ഇനത്തിൽ പഞ്ചായത്തുകൾക്ക് ഇതേവരെ ലഭിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പ്രവർത്തന വിലയിരുത്തൽ സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് വിഭാഗമാണ് നടത്തുന്നത്. ഇതിൽ വിജയിച്ച പഞ്ചായത്തുകൾക്കാണ് പെർഫോമൻസ് ഗ്രാന്റ് ലഭ്യമാകുന്നത്.

(സി) പഞ്ചായത്തുകളുടെ ആസൂത്രണം ബഡ്ജറ്റ് സംബന്ധമായ പ്രവർത്തനങ്ങൾ, പ്രോജക്ടുകളുടെ നടത്തിപ്പ്, സേവനങ്ങൾ ലഭ്യമാക്കൽ, ഓഡിറ്റിംഗ്, അക്കൗണ്ടിംഗ്, വിവിധ പ്രവർത്തനങ്ങളിലെ സുതാര്യത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തുന്നതിനായി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി, വാർഷിക പ്രവർത്തന വിലയിരുത്തലിനായി തയ്യാറാക്കിയ ചോദ്യാവലി പ്രകാരം പഞ്ചായത്ത് അധികൃതർ രേഖപ്പെടുത്തിയ വിവരങ്ങൾ സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷം അംഗീകരിച്ച് (ചോദ്യാവലിയിൽ പഞ്ചായത്തുകൾ ഉറപ്പായും നടപ്പാക്കേണ്ട/നിർവ്വഹിക്കേണ്ട 9 ഘടകങ്ങളും (മിനിമം മാൻഡേറ്ററി കണ്ടീഷൻസ്) അതോടൊപ്പം പഞ്ചായത്തുകൾ ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ വിലയിരുത്തുന്നതിനുള്ള മറ്റ് ചോദ്യങ്ങളുമുണ്ട്.) ഈ ചോദ്യങ്ങൾക്ക് ആകെ 100 മാർക്കാണുള്ളത്. ഇതിൽ 50 മാർക്ക് കിട്ടിയാൽ മാത്രമേ പഞ്ചായത്തിന് ഗ്രാന്റിന് അർഹത നേടുകയുള്ളൂ. ആദ്യഘട്ടത്തിലെ വിലയിരുത്തലിൽ ഗ്രാന്റിന് അർഹത നേടാത്ത പഞ്ചായത്തുകൾക്ക് 2 തവണ അപ്പീൽ നൽകാൻ അവസരം നൽകിയിരുന്നു. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ 848 പഞ്ചായത്തുകൾ ഗ്രാന്റിന് അർഹത നേടിയിട്ടുണ്ട്. ഈ പഞ്ചായത്തുകൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly